## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2266 — 18.06.2013 ൽ മറുപടിക്ക്

**ഇ-ഗവേണൻസ് സൊസൈറ്റിയെ 'അക്ഷയ' യിൽ ലയിപ്പിക്കുന്നതിന് നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി പി. അയിഷാ പോറ്റി | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ജില്ലാതല ഇ-ഗവേണൻസ് സൊസൈറ്റികളുടെ ഘടനയും പ്രവർത്തനങ്ങളും വിശദമാക്കുമോ; | (എ) ജില്ലകളിൽ ഇ-ഡിസ്ട്രിക്ട് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനു വേണ്ടി നാഷണൽ ഇ ഗവേണൻസ് പദ്ധതിയുടെ ഭാഗമായി രൂപീകരിച്ചിട്ടുള്ള ഒരു സൊസൈറ്റിയാണ് ജില്ലാതല ഇ-ഗവേണൻസ് സൊസൈറ്റി (DeGS) . സൊസൈറ്റിയുടെ പ്രവർത്തനത്തിന് മേൽ നോട്ടം നൽകാനും മറ്റും ജില്ലാ കലക്ടർ ചെയർമാനും ജില്ലയിലെ പ്രധാന വകുപ്പ് പ്രതിനിധികളും ഉൾപ്പെടെ 20 കമ്മിറ്റി അംഗങ്ങളും ഉൾപ്പെടുന്ന ജനറൽ ബോഡിയും, പദ്ധതികൾ നടപ്പാക്കുന്നതിനും പദ്ധതിക്കാവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുന്നതിനും ജില്ലാ കലക്ടർ ചെയർമാനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കൺവീനറുമായ ഒരു ഒൻപതംഗ ഗവേണിംഗ് കൗൺസിലും ഉൾപ്പെട്ടതാണ് ഡിസ്ട്രിക്ട് ഇ-ഗവേണൻസ് സൊസൈറ്റി. ജില്ലയിൽ ഇ-ഡിസ്ട്രിക്ട് പദ്ധതി നിർവ്വഹണം നടത്തുക, സർക്കാർ സേവനങ്ങൾ പൊതുജനങ്ങൾക്ക് നൽകുന്നതിന് കാര്യക്ഷമമായ സംവിധാനം രൂപപ്പെടുത്തുക, ബ്ലോക്ക്, പഞ്ചായത്ത് തലത്തിൽ പദ്ധതി ആസൂത്രണത്തിനും അവ നടപ്പാക്കുന്നതിനും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുക, പ്രധാന സർവീസ് മേഖലകൾ കമ്പ്യൂട്ടർവൽക്കരിക്കുക, ജില്ലാതലത്തിൽ നടപ്പാക്കുന്ന വിവിധ ഇ-ഗവേണൻസ് ഉദ്യമങ്ങളെ ഏകോപിപ്പിക്കുക, പൊതു |

| | | | |
|---|---|---|---|
| | | | സർവീസ് കേന്ദ്രങ്ങളെ ഫ്ലാഗ് ഷിപ്പ് പദ്ധതികളുമായി ബന്ധിപ്പിക്കുക എന്നീ പ്രവർത്തനങ്ങളാണ് ഡിസ്ട്രിക്റ്റ് ഇ-ഗവേണൻസ് സൊസൈറ്റിയുടെ ചുമതലയിലുള്ളത്. |
| (ബി) | പ്രസ്തുത സൊസൈറ്റി വഴിയുള്ള സേവനങ്ങൾ അക്ഷയ ആഫീസുകൾ മുഖാന്തിരം നടത്തിവരുന്നതാണോ എന്ന് വിശദമാക്കുമോ ; | (ബി) | അല്ല |
| (സി) | അക്ഷയ വഴി പ്രസ്തുത സേവനങ്ങൾ ലഭ്യമാകുമെങ്കിൽ പ്രസ്തുത സൊസൈറ്റികൾ രൂപീകരിച്ച് പുതിയ നിയമനങ്ങൾ നടത്തുന്നത് അധിക ബാധ്യതയുണ്ടാക്കുമോ ; | (സി) | ബാധകമല്ല |
| (ഡി) | സൊസൈറ്റിയിൽ പുതിയ നിയമനങ്ങൾ നടത്തുന്നത് അക്ഷയയിൽ വർഷങ്ങളായി കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരെ പ്രതികൂലമായി ബാധിക്കുമോ; അവരുടെ ജോലി സംരക്ഷണത്തിന് എന്ത് നടപടികൾ സ്വീകരിക്കും ; | (ഡി) | ഡിസ്ട്രിക്റ്റ് ഇ-ഗവേണൻസ് സൊസൈറ്റിയിൽ ഇതുവരെ പുതിയ നിയമനങ്ങൾ നടത്തിയിട്ടില്ല. സൊസൈറ്റിയുടെ പ്രവർത്തനം അക്ഷയയെ പ്രതികൂലമായി ബാധിക്കുകയുമില്ല. |
| (ഇ) | ഇ-ഗവേണൻസ് സൊസൈറ്റിയെ അക്ഷയയിൽ ലയിപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | കേന്ദ്രസർക്കാർ മാനദണ്ഡങ്ങൾക്കനുസരിച്ച് രൂപീകൃതമായ സൊസൈറ്റി ആകയാൽ കേന്ദ്രസർക്കാരിന്റെ അഭിപ്രായവും നിയമോപദേശവും തേടിയതിനു ശേഷം മാത്രമേ ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന് തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ. |

സെക്ഷൻ ഓഫീസർ